**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - വികസന ഫണ്ട് 2022-23 - കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് - സമയപരിധി മൂലം പാസ്സാകാത്തതും സർക്കാർ മുതൽക്കൂട്ടിയതുമായ തുക പുനരനുവദിച്ച് ഉത്തരവായത് - ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 7743/2022/ധന. തീയതി, തിരുവനന്തപുരം, നവംബർ 16 , 2022

പരാമർശം. 1) സ.ഉ.(സാധാ)നം.7453/2022/ധന തീയതി 03/11/2022
2) കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14/11/2022-ലെ ഡി-1429/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് വേണ്ടി സമർപ്പിച്ച ബിൽ നിശ്ചിത സമയപരിധിക്കകം ട്രഷറിയിൽ സമർപ്പിക്കാത്തതും സർക്കാരിലേക്ക് മുതൽക്കൂട്ടിയതുമായ JVTSB അക്കൗണ്ടിലെ തുകയായ 47,08,000/- രൂപ പരാമർശം (1) പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന് പുനരനുവദിച്ച് ഉത്തരവായിരുന്നു. അതിൽ എസ്.സി.എസ്.പി, ടി.എസ്.പി എന്നീ ഫണ്ടിനങ്ങളിലുള്ള തുക തമ്മിൽ മാറിപ്പോയെന്നും 10/10/2022ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സർക്കാരിന് അയച്ച കത്തിൽ വന്ന പിശക് മനപൂർവമല്ലാതെ വന്ന വീഴ്ചയായി കരുതി മാപ്പാക്കി ഉത്തരവ് പുതുക്കി നൽകണമെന്നും പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് വേണ്ടി സമർപ്പിച്ച ബിൽ നിശ്ചിത സമയപരിധിക്കകം ട്രഷറിയിൽ സമർപ്പിക്കാത്തതും സർക്കാരിലേക്ക് മുതൽക്കൂട്ടിയതുമായ JVTSB അക്കൗണ്ടിലെ തുകയായ **47,08,000/- രൂപ (നാല്പത്തി ഏഴ് ലക്ഷത്തി എണ്ണായിരം രൂപ മാത്രം)** താഴെ പറയുന്ന ശീർഷകങ്ങളിൽ നിന്നും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന് (B120400) പുനരനുവദിച്ച് ഉത്തരവാകുന്നു.

| ഫണ്ടിനം | കണക്ക് ശീർഷകം | തുക (രൂപയിൽ) |
|---|---|---|
| സാധാരണ വിഹിതം | 3604-00-200-81-(04)-35 | 2502000 |
| എസ്.സി.എസ്.പി | 3604-00-200-81-(09)-35 | 302000 |
| ടി.എസ്.പി | 3604-00-200-81-(14)-35 | 1904000 |
| **ആകെ** | | **4708000** |

3) പരാമർശം (1) ലെ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്ത് കൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്– II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്–I), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ–ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E–2059530)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.